കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്

നമ്പർ. എച്ച്2/38/2021/ഐ&പി.ആർ.ഡി 06/05/2021, തിരുവനന്തപുരം

ഡയറക്ടർ

വി. ബാലഗോപാലൻ, ജനറൽ സെക്രട്ടറി, ആൾ ഇന്ത്യാ ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ, ടി സി 4/2529, രാജ് ഭവൻ, പട്ടം - കവടിയാർ റോഡ്, മരപ്പാലം, തിരുവനന്തപുരം 695 004

എം.സി. ശിവകുമാരൻ നായർ, പ്രസിഡന്റ്, കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ, ചെമ്പക വലിയറത്തല, നാരുവാമൂട് പി ഒ, തിരുവനന്തപുരം 695 528

സി. മോഹനൻ, ജനറൽ സെക്രട്ടറി, കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ, ദേശാഭിമാനി, കണ്ണൂർ.

സർ,

**വിഷയം:- ഐ&പി.ആർ.ഡി - പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗ തീരുമാനം - മിനുട്സും സർക്കാർ ഉത്തരവും അയയ്ക്കുന്നത് സംബന്ധിച്ച്.**

സൂചന:- 1) 11.02.2021-ലെ പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗതീരുമാനം.
2) 04.05.2021-ലെ സ.ഉ. (സാധാ) നം. 73/2021/ഐ&പി.ആർ.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) യോഗതീരുമാനം, സൂചന (2) സർക്കാർ ഉത്തരവ് എന്നിവയുടെ പകർപ്പുകൾ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**കെ സന്തോഷ് കുമാർ**

**അഡിഷണൽ ഡയറക്ടർ**

അംഗീകാരത്തോടെ

Signature valid
Digitally signed by JESSY JOSE
Date: 2021.05.24 12:37:17 IST
Reason: Approved

**സെക്ഷൻ ഓഫീസർ**

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ഐ&പി.ആർ. വകുപ്പ് സെക്രട്ടറിയുടെ സി.എ
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ
ഐ&പി.ആർ. വകുപ്പ് ഡയറക്ടറുടെ സി.എ
ഐ&പി.ആർ.ഡി അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ. വകുപ്പ്, ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)
ഡെപ്യൂട്ടി ഡയറക്ടർ (എം ആർ)/ഇൻഫർമേഷൻ ഓഫീസർ (പി ആർ) & (വെബ് & ന്യൂ മീഡിയ) -പത്രക്കുറിപ്പ് നൽകാനും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാനും
അക്കൗണ്ട്സ് ഓഫീസർ, ഐ&പി.ആർ. വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

## ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.02.2021-ൽ ഓൺലൈൻ ആയി കൂടിയ പത്രപ്രവർത്തകേതര പെൻഷൻ മാനേജിങ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്

### ഹാജർ

#### കമ്മിറ്റി അംഗങ്ങൾ

1) ശ്രീ സത്യജീത്ത് രാജൻ ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.
2) ശ്രീ പി. വേണുഗോപാൽ, സെക്രട്ടറി, ഐ&പി.ആർ വകുപ്പ്.
3) ശ്രീ സഞ്ജയ് എം. കൗൾ ഐ.എ.എസ്, സെക്രട്ടറി, ധന വകുപ്പ്.
4) ശ്രീ എസ്. ഹരികിഷോർ ഐ.എ.എസ്, ഡയറക്ടർ, ഐ&പി.ആർ.ഡി.
5) ശ്രീ ബാലഗോപാൽ വി, പെൻഷൻ കമ്മിറ്റി അംഗം.
6) ശ്രീ മോഹനൻ സി, പെൻഷൻ കമ്മിറ്റി അംഗം.
7) ശ്രീ ശിവകുമാരൻ നായർ, പെൻഷൻ കമ്മിറ്റി അംഗം

#### സാന്നിദ്ധ്യം

8) ശ്രീ കെ. സന്തോഷ് കുമാർ, അഡീഷണൽ ഡയറക്ടർ, ഐ&പി.ആർ.ഡി.
9) ശ്രീമതി സീന എ.എൻ, ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ.ഡി.
10) ശ്രീ പ്രമോദ് കുമാർ കെ.ആർ, ഡെപ്യൂട്ടി ഡയറക്ടർ, ഐ&പി.ആർ.ഡി.
11) ശ്രീമതി സെലീന എ, അക്കൗണ്ട്സ് ഓഫീസർ, ഐ&പി.ആർ.ഡി.

### ആമുഖം

യോഗം പകൽ 5 മണിക്ക് ആരംഭിച്ചു.

മാനേജിങ് കമ്മിറ്റി ചെയർമാനായ ബഹു മുഖ്യമന്ത്രി യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു. കോവിഡ് 19 രോഗവ്യാപനം മൂലം കഴിഞ്ഞ വർഷം (2020) കമ്മിറ്റി കൂടാൻ കഴിഞ്ഞില്ല; എന്നാൽ മുൻ യോഗത്തിനു ശേഷം 2 ഉപസമിതി യോഗങ്ങൾ നടത്തി എന്നും കൂടാതെ പത്രപ്രവർത്തകേതര സംഘടന ഉന്നയിച്ച ആവശ്യങ്ങളിന്മേൽ 2021 ജനുവരി 29-നു ഒരു പ്രത്യേക യോഗവും നടത്തുകയുണ്ടായി എന്നും കൺവീനറായ ഐ & പി ആർ വകുപ്പ് ഡയറക്ടർ അറിയിച്ചു.

നയപരമായ തീരുമാനങ്ങൾ എടുക്കേണ്ട വിഷയങ്ങളാണ് യോഗത്തിന്റെ അജണ്ടയിൽ മുഖ്യ ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും മാനേജിങ് കമ്മിറ്റി കൂടുന്നത് പലപ്പോഴും വർഷത്തിൽ ഒരിക്കൽ ആയതിനാലും സമ്പൂർണമായ ചട്ടം പരിഷ്കരണം കൊണ്ടുവരാൻ കൂടുതൽ സമയം വേണം എന്നതിനാലും അപേക്ഷകളുടെ തീർപ്പ് സുഗമവും സമയബന്ധിതവും ആകാൻ അത്യാവശ്യമായ ചില പരിഷ്കരണങ്ങൾ ഇന്നത്തെ യോഗത്തിൽ എടുക്കുന്നത് ഉചിതമായിരിക്കുമെന്നും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും കൺവീനർ അറിയിച്ചു.

ഉപസമിതി അപ്ഗ്രേഡ് ചെയ്യുന്നത് ഉൾപ്പെടെ ഉള്ള കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതിനാലും സമയപരിമിതി മൂലവും വ്യക്തിഗത വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും, ഉപസമിതി പരിഷ്കരിക്കുന്ന സാഹചര്യത്തിൽ അടുത്തു തന്നെ പ്രത്യേക യോഗം ചേർന്ന് വ്യക്തിഗത വിഷയങ്ങളിൽ തീരുമാനം എടുക്കാൻ സാധിക്കുമെന്നും ഒട്ടേറെ പ്രശ്നങ്ങൾ അതുവഴി പരിഹരിക്കാൻ കഴിയുമെന്നും കൺവീനർ പറഞ്ഞു.

തുടർന്ന് അജണ്ടയിലെ വിവിധ വിഷയങ്ങൾ യോഗത്തിൽ അവതരിപ്പിക്കുകയും അതിന്മേൽ ചർച്ച നടത്തുകയും ചെയ്തു.

1) <u>നിരസിച്ച അപേക്ഷകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്</u>

15-05-2018ൽ കൂടിയ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി യോഗത്തിൽ (അജണ്ട 17) പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ (360 എണ്ണം) അർഹതയ്ക്ക് വിധേയമായി അംഗീകരിക്കാൻ തീരുമാനിച്ചിരുന്നു. 4-2-2000 ലെ സ.ഉ.(പി)നം. 2/2000/പി.ആറിലെ ചട്ടം 6-ൽ കൺഫർമേഷൻ ലഭിച്ച് 6 മാസത്തിനകം അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കണം എന്നു പരാമർശിച്ചിട്ടുണ്ട്. എന്നാൽ അതിനു ശേഷം ഫയൽ പരിശോധിച്ചപ്പോൾ സമർപ്പിച്ച 360 അപേക്ഷകളിൽ 319 എണ്ണം ചട്ടപ്രകാരമല്ലാത്തതിനാൽ പ്രസ്തുത അപേക്ഷകൾ നിരസിക്കുവാൻ തീരുമാനിക്കുകയും തിരികെ അതത് ജില്ലാ ഇൻഫർമേഷൻ ഓഫീസിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. സ്ഥിരപ്പെടുത്തി ആറു മാസത്തിനകം അപേക്ഷിച്ചിട്ടില്ല എന്നതിനാൽ ചട്ടപ്രകാരമല്ലാത്ത അപേക്ഷകൾ ശുപാർശ ചെയ്യേണ്ടതില്ല എന്ന് 26-08-2019ൽ കൂടിയ സബ് കമ്മിറ്റി ശുപാർശ ചെയ്തു.

എന്നാൽ ഈ അപേക്ഷകരിൽ ഭൂരിഭാഗം പേരും കൺഫർമേഷൻ ലഭിച്ച് 6 മാസത്തിനകം അപേക്ഷിച്ചവരോ, സർവീസിൽ പ്രവേശിച്ച ഉടനെ തന്നെ അപേക്ഷിച്ചവരോ ആണ്; അവരുടെ അപേക്ഷകൾ യഥാസമയം തീർപ്പാക്കാത്തതിനാൽ വീണ്ടും അപേക്ഷ സമർപ്പിച്ചപ്പോൾ കൺഫർമേഷൻ ലഭിച്ച് 6 മാസം കഴിഞ്ഞു പോയതാണ് എന്ന് സംഘടനകൾ അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്ന് യഥാസമയം സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിക്കാത്തതിനാൽ 6 മാസത്തിനകം അപേക്ഷിക്കണം എന്ന നിബന്ധന പലപ്പോഴും അപ്രായോഗികമാകുന്നു എന്നും ചൂണ്ടിക്കാട്ടപ്പെടുന്നു. പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് സ്ഥിരപ്പെടുത്തി 6 മാസത്തിനകം അപേക്ഷിക്കണമെന്ന നിബന്ധന നിലവിലില്ല.

ഉപസമിതിയുടെ ശുപാർശ പരിഗണിക്കേണ്ടതിനാലും മേൽപ്പറഞ്ഞ 319 പേർക്ക് അംഗത്വം അനുവദിക്കണം എന്ന ആവശ്യം വീണ്ടും പരിഗണനയ്ക്കു വന്നിരിക്കുന്നതിനാലും കമ്മിറ്റി തീരുമാനം ആവശ്യമാണ്.

കൂടാതെ 2021 ജൂൺ 30 വരെ ഡയറക്ടറേറ്റിൽ ലഭിക്കുന്ന അംഗത്വത്തിനായുള്ള അപേക്ഷകളിലും ഒറ്റത്തവണ ഇളവ് എന്ന നിലയിൽ, സ്ഥിരപ്പെടുത്തി 6 മാസത്തിനകം അപേക്ഷിക്കണമെന്ന നിബന്ധനയില്ലാതെ, പെൻഷൻ മാനേജിംഗ് കമ്മിറ്റിയുടെ/ഉപസമിതിയുടെ തീരുമാനത്തിന് വിധേയമായി അംഗത്വം അനുവദിക്കാവുന്നതാണോ എന്ന വിഷയത്തിലും തീരുമാനം ആവശ്യമാണ്.

താൽക്കാലിക പെൻഷൻ അനുവദിക്കാൻ ചട്ടം 15(2) പ്രകാരം വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും താൽക്കാലികമായോ സ്ഥിരമായോ അംഗത്വം നൽകുന്നത് സംബന്ധിച്ച് അപ്രകാരം വ്യവസ്ഥയില്ല. കീഴ്വഴക്കത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അംഗത്വം അനുവദിച്ചു വരുന്നത്.

**<u>തീരുമാനം:</u>**

സ്ഥിരപ്പെടുത്തി ആറുമാസത്തിനകം അപേക്ഷിക്കണമെന്ന ചട്ടത്തിലെ നിബന്ധന ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. നിലവിൽ പരിഗണനയിൽ ഉള്ള 319 പേരിൽ അർഹരായവർക്ക് കാലതാമസം മാപ്പാക്കി ചട്ടം ഭേദഗതി ചെയ്യുന്ന മുറക്ക് പെൻഷൻ അംഗത്വം അനുവദിക്കാൻ തീരുമാനിച്ചു.

നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ കമ്മിറ്റി അധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യണം. അവയിൽ കമ്മിറ്റിയുടെ/സർക്കാരിന്റെ തീരുമാനം വന്നതിനു ശേഷം തുടർ നടപടി സ്വീകരിക്കാം. അതേസമയം രേഖകൾ പൂർണമായ കേസുകളിൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗത്വം നൽകേണ്ട സാഹചര്യം ഒഴിവാക്കാം. അത്തരം അപേക്ഷകളിൽ താൽക്കാലികമായി അംഗത്വം നൽകുന്നതിനു വകുപ്പ് ഡയറക്ടർക്കു അധികാരം നൽകാം. തുടർന്ന് നടക്കുന്ന കമ്മിറ്റി/ഉപസമിതി യോഗത്തിൽ ഡയറക്ടറുടെ തീരുമാനത്തിന്റെ

സാമൂഹികരണത്തിനും അംഗത്വം സ്ഥിരപ്പെടുത്തുന്നതിനുമായി പ്രസ്തുത അപേക്ഷയുടെ വിവരം/ഫയൽ സമർപ്പിച്ചാൽ മതി.

2) <u>ഇന്ത്യൻ എക്സ്പ്രസ്സിൽ നിന്നു സമരം മൂലം വിട്ടുനിന്ന 8 പേർക്ക് പെൻഷൻ അനുവദിക്കുന്നത്</u>

വേതനത്തിനും അവകാശങ്ങൾക്കും വേണ്ടി ന്യൂ ഇന്ത്യൻ എക്സ്പ്രസ് പത്രസ്ഥാപനത്തിലെ തൊഴിലാളികൾ 2009 മെയ് മാസം മുതൽ സമരത്തിൽ ഏർ പ്പെടുകയുണ്ടായി. ഗവണ്മെന്റിന്റേയും ലേബർ കമ്മീഷന്റേയും നേതൃത്വത്തിൽ ചർച്ചകൾ നടന്നുകൊണ്ടിരിക്കെ, തൊഴിലാളികളെ സ്ഥലം മാറ്റിയതായി സംഘടനകൾ അറിയിച്ചിട്ടുണ്ട്. വിരമിക്കേണ്ടി വന്നവർക്ക് വിടുതൽ രേഖ നല്കിയിട്ടില്ല എന്നും അറിയിച്ചു. സമരം കാരണം (07.05.2009 മുതൽ 9 മാസത്തെ കാലയളവിൽ) വിട്ടുനിന്നവർക്ക് ആ കാലയളവിൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നല്കിയിട്ടില്ല. 10 വർഷത്തിലധികം ജോലി ചെയ്യുകയും 60-ാം വയസിൽ സമരപ്പന്തലിൽ വച്ച് പിരിയുകയും ചെയ്തവർക്ക് പത്രസ്ഥാപനം എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നല്കിയിട്ടില്ല. ഇത് സംബന്ധിച്ച് എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ കോടതിയിൽ കേസ് നിലവിലുണ്ട്. ഇവർക്ക് പിആർഡി ഉദ്യോഗസ്ഥതലത്തിൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നല്കണമെന്നും സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഉള്ള കോടതി കേസ് പെൻഷനുമായി ബന്ധപ്പെടുന്നതല്ല എന്നു സംഘടനാ പ്രതിനിധികൾ അറിയിച്ചു

15.05.2018-ൽ കൂടിയ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി യോഗത്തിൽ ഇക്കാര്യം അജണ്ട നം. 12 ആയി പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഈ വിഷയം അടുത്ത പെൻഷൻ സബ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ചട്ടപ്രകാരമല്ലാത്ത അപേക്ഷകൾ ശുപാർശ ചെയ്യേണ്ടതില്ലെന്ന് 26-08-2019ൽ കൂടിയ സബ് കമ്മിറ്റി തീരുമാനിച്ചു.

ഉപസമിതിയുടെ നിലപാട് പരിഗണിക്കേണ്ടതിനാലും മേൽപ്പറഞ്ഞ 8 പേർക്ക് പെൻഷൻ അനുവദിക്കണം എന്ന ആവശ്യം വീണ്ടും പരിഗണനയ്ക്കു വന്നിരിക്കുന്നതിനാലും കമ്മിറ്റി തീരുമാനം ആവശ്യമാണ്.

<u>തീരുമാനം:</u>

തൊഴിൽ സർട്ടിഫിക്കറ്റ്, സ്ഥാപനം ഉടമ നൽകുന്നതോ/ജോലി ചെയ്യുന്ന ജില്ലയിലെ സംഘടനാ പ്രസിഡന്റ് /ജനറൽ സെക്രട്ടറി നല്കുന്നതോ ആകാം എന്ന് ചട്ടം 14 (1), പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 3 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ മേൽ സൂചിപ്പിച്ചിരിക്കുന്ന 8 ജീവനക്കാർ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നേടിയവരും, ചട്ടം അനുശാസിക്കുന്നത് പ്രകാരം വിരമിച്ചവരും, പൂർണമായി ക്രമപ്രകാരം അംശദായം അടച്ചിട്ടുള്ളവരും ആണെന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുകയും നിലവിൽ ഉള്ള കോടതി കേസ് പെൻഷനുമായി ബന്ധപ്പെടുന്നതല്ല എന്നു വ്യക്തമാകുകയും ചെയ്യുന്ന പക്ഷം, മേൽപ്രകാരം സംഘടന നല്കുന്ന എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് പെൻഷൻ അനുവദിച്ച് നൽകുന്ന വിഷയം വകുപ്പ് ഡയറക്ടർക്കു പരിഗണിക്കാവുന്നതാണ്.

ഭാവിയിൽ എല്ലാ പെൻഷൻ അപേക്ഷകളിലും താഴെ പരാമർശിക്കുന്ന രേഖകൾ ലഭ്യമാക്കുന്നവർക്ക് തുടർ പരിശോധനയുടെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് നൽകാം. (നിലവിലുള്ള സർക്കുലറിലെ മറ്റു നിബന്ധനകളിൽ മാറ്റമില്ല.)

| | |
|---|---|
| 1) | ചട്ടപ്രകാരമുള്ള അപേക്ഷ (അനുബന്ധം 2) |
| 2) | ജോലി ചെയ്തിരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള നിശ്ചിത മാതൃകയിലുള്ള അസ്സൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് (സ്ഥാപനത്തിൽ നിന്നുള്ള തൊഴിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യത്തിൽ പത്രപ്രവർത്തക സംഘടന നല്കുന്നതും ചട്ടത്തിൽ പരാമർശിച്ചതുമായ സർട്ടിഫിക്കറ്റ് / റിപ്പോർട്ട്) |

| | |
|---|---|
| 3) | അംഗത്വം നേടിയത് മുതൽ [illegible] പദ്ധതി ക്രമപ്രകാരം അംശദായ തുക അടച്ച വിവരം രേഖപ്പെടുത്തിയ പാസ്സ്ബുക്കുകളുടെ ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (ഡെൽഹി ഓഫീസിൽ ബന്ധപ്പെട്ട ഇൻഫർമേഷൻ ഓഫീസർ/ ഡെപ്യൂട്ടി ഡയറക്ടർ ) |
| 4) | വയസ് തെളിയിക്കാൻ എസ് എസ് എൽ സി ബുക്ക്/പാസ്പോർട്ട് /ആധാർ/ ഇലക്ഷൻ ഐ ഡി കാർഡ് /ഡ്രൈവിങ് ലൈസൻസ്/ പാൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. |
| 5) | (ഓപ്ഷണൽ-അംഗത്വം സംബന്ധിച്ച് അവ്യക്തത ഉള്ള അപേക്ഷകളിൽ മാത്രം): സ്ഥാപനത്തിലെ കൺഫർമേഷൻ ഉത്തരവിന്റേയോ പദ്ധതി അംഗത്വം അനുവദിച്ച രേഖയുടെയോ വിരമിക്കൽ രേഖയുടെയോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. |

### 3) കുടുംബ പെൻഷൻ അപാകത

പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി സംബന്ധിച്ച ഉത്തരവിൽ പെൻഷൻ തുകയുടെ 50% ആയിരിക്കും കുടുംബ പെൻഷൻ എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും പെൻഷൻ തുക വർധിപ്പിക്കുമ്പോൾ ആശ്രിത പെൻഷൻ/കുടുംബ പെൻഷൻ ആനുപാതികമായി വർധിപ്പിക്കാത്ത അപാകത നിലനില്ക്കുകയാണ്. പത്രപ്രവർത്തകേതര പെൻഷൻ 6000/- രൂപ നല്കുമ്പോഴും ആശ്രിത പെൻഷൻ 1250/- രൂപ മാത്രമാണ് നല്കുന്നത്. ആശ്രിത പെൻഷൻ, പെൻഷൻ തുകയുടെ 50% ആയി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ധനവകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 15.05.2018-ൽ കൂടിയ പെൻഷൻ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എച്ച്2/22/2018/ഐ& പി.ആർ പ്രകാരം സമർപ്പിച്ച ഫയലിൽ, നിലവിൽ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ, ആശ്രിത പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് നിർവ്വാഹമില്ലെന്ന് ധന വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

**തീരുമാനം:**

ഈ വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതിനാലും, ചട്ടം 18(1) പ്രകാരം പെൻഷന്റെ 50% തുക കുടുംബ പെൻഷനായി നല്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും, പത്രപ്രവർത്തകേതര പെൻഷൻ തുകയുടെ 50% തുകയായി ആശ്രിത പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകാൻ ധനവകുപ്പിനോട് ശുപാർശ ചെയ്യാമെന്ന് തീരുമാനിച്ചു.

### 4) കുടിശിക പെൻഷൻ സംബന്ധിച്ച്

പത്രസ്ഥാപനത്തിൽ നിന്നും മുറ പ്രകാരം വിരമിക്കുന്ന (55/58/60വയസ്) ഒരാൾക്ക് ഫയൽ നടപടിക്രമം പൂർത്തിയായി പെൻഷൻ അനുവദിക്കുന്നതിന് സാധാരണഗതിയിൽ കാലതാമസം നേരിടാറുണ്ട്. പെൻഷന് അർഹതപ്പെട്ട തീയതി മുതൽ പെൻഷൻ അനുവദിച്ച ഉത്തരവായി അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുന്നതു വരെയുള്ള, അഥവാ നിശ്ചിത മാസം വരെയുള്ള കാലയളവിലെ കുടിശ്ശിക പെൻഷൻ തുക, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണെന്ന് പെൻഷൻ ഉത്തരവിൽ തന്നെ വ്യക്തമാക്കുന്നുണ്ട്. 2018 മുതൽ പെൻഷൻ കുടിശിക നല്കുന്നതിനായി 5 കോടി രൂപ അനുവദിക്കുന്നതിന് (ബഡ്ജറ്റ് പ്രൊപ്പോസൽ) ധനവകുപ്പിനോട് ആവശ്യപ്പെട്ടെങ്കിലും അനുവദിക്കുകയുണ്ടായില്ല. തുടർന്ന് എച്ച്2/152/2020/ഐ&പി.ആർ ഫയൽ പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. ധനവകുപ്പിൽ നിന്നു ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശികത്തുക വിതരണം ചെയ്യുന്നതാണ്. ഇക്കാര്യം പെൻഷൻ മാനേജിംഗ് കമ്മിറ്റിയുടെ അറിവിലേയ്ക്കും, പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു.

**തീരുമാനം:**

കുടിശിക തുക നൽകാനുള്ള ഫണ്ട് ധനവകുപ്പ് അടിയന്തരമായി അനുവദിക്കുന്നതിനായി അഡീഷണൽ ആതൊറൈസേഷനായി സബ്ജക്ട് കമ്മിറ്റി മുൻപാകെ സമർപ്പിക്കുവാൻ തീരുമാനിച്ചു.

5) 2000-ന മുൻപ് വിരമിച്ചവരെ അംഗീകരിക്കൽ

2000-ന മുൻപ് വിരമിച്ച നോൺ ജേർണലിസ്റ്റുകൾക്കായി പ്രത്യേക ക്ഷേമ പെൻഷൻ പദ്ധതി 2.3.2016 ലെ സ.ഉ(കൈ) നം. 4/2016/ഐ&പിആർ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. തുടർന്ന് ഈ വിഭാഗത്തിലുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകൾ പരിശോധിച്ച സബ് കമ്മിറ്റി അർഹരെന്ന് കണ്ടെത്തിയവരുടെ പട്ടിക തയ്യാറാക്കുകയുമുണ്ടായി. എന്നാൽ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി ശുപാർശ ചെയ്ത പട്ടികയിൽ 334 പേർ മാത്രമേ ഉൾപ്പെട്ടിരുന്നുള്ളൂ. ഈ 334 പേർക്ക് പെൻഷൻ വിതരണത്തിന് ആവശ്യമായ തുകയായ 2,60,52,000/- രൂപ 15.12.2018-ലെ സ.ഉ. (സാധാ) 10281/2018/ധന പ്രകാരം 2220-60-800-81-(നോൺ പ്ലാൻ) ശീർഷകത്തിൽ അനുവദിക്കുകയുണ്ടായി. പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി ശുപാർശ ചെയ്ത 334 പേരുടെ പട്ടിക അംഗീകരിച്ചും പെൻഷൻ തുക അനുവദിച്ചും 05.03.2019ലെ സ.ഉ.(സാധാ) 39/2019/ഐ&പി.ആർ . പ്രകാരം ഉത്തരവായിരുന്നു.

02.03.2016-ലെ സ.ഉ( കൈ) നം. 4/2016/ ഐ &പി.ആർ പ്രകാരം അപേക്ഷ ക്ഷണിച്ചപ്പോൾ ലഭ്യമായിരുന്ന അപേക്ഷയിൽ 3 3 4 പേരുടെ അപേക്ഷ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. ശേഷിക്കുന്ന 5 4 പേർ കൂടി ഈ പദ്ധതി പ്രകാരം അർഹരാണെന്ന് സബ് കമ്മിറ്റി അംഗീകരിച്ചതാണ് (ലിസ്റ്റ് അനുബന്ധം-1 ആയി ചേർക്കുന്നു). ഇവർക്ക് പെൻഷൻ തുക കുടിശിക സഹിതം വിതരണം ചെയ്യുന്നതിന് 42,12,000/-രൂപ (54X78000) ആവശ്യമാണ്. 23.03.2019-ലെ എച്ച്2/16/2018/ഐ&പി.ആർ പ്രകാരം പെൻഷൻ വിതരണത്തിനു ശേഷം വിതരണം ചെയ്യാതെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 701011400000141-ൽ 47,58,000/-രൂപ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ/ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ തിരികെ അടച്ചിട്ടുണ്ട്. ആയതിനാൽ ശേഷിക്കുന്ന 5 4 അപേക്ഷകർക്ക് കൂടി പെൻഷൻ അനുവദിക്കുന്നതിന് സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 701011400000141-ൽ അവശേഷിക്കുന്ന തുകയിൽ നിന്നും 42,12,000/-രൂപ വിതരണം ചെയ്യാവുന്നതാണ്. 2000-ന മുൻപ് വിരമിച്ച ജീവനക്കാരിൽ നിന്നും അപേക്ഷ സ്വീകരിച്ച് കുടിശിക സഹിതം തുക വിതരണം ചെയ്യുന്നതിന് 03/2016 മുതൽ 03/2019 വരെ നീണ്ട കാലയളവ് വേണ്ടി വന്നതിനാൽ ഈ വിഭാഗത്തിൽ പെൻഷൻ കുടിശിക അനുവദിച്ച 5 3 പേർ പെൻഷൻ വിതരണം ചെയ്യുന്ന സമയത്ത് മരണപ്പെട്ടതായി ജില്ലകളിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ഉത്തരവിൻ പ്രകാരം ആശ്രിത പെൻഷൻ വ്യവസ്ഥ ചെയ്തിട്ടില്ല എങ്കിലും മരണപ്പെട്ട മാസം വരെയുള്ള പെൻഷൻ തുക മരണപ്പെട്ടവരുടെ അർഹതപ്പെട്ട ആശ്രിതർക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ച് തീരുമാനത്തിനായി 20-2-2020ൽ കൂടിയ ഉപസമിതി യോഗത്തിൽ സമർപ്പിച്ചപ്പോൾ ഫയൽ പെൻഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

തീരുമാനം:

2000- ന മുൻപ് വിരമിച്ച നോണ് ജേണലിസ്റ്റുകൾക്കുള്ള പ്രത്യേക ക്ഷേമ പെൻഷൻ പദ്ധതി പ്രകാരം അർഹരാണെന്ന് സബ് കമ്മിറ്റി അംഗീകരിച്ച 5 4 പേരെ പദ്ധതിയിൽ ഉൾപ്പെടുത്താം. മരണമടഞ്ഞവരുടെ മരണത്തീയതി വരെയുള്ള പെൻഷൻ ആശ്രിതർക്ക് അനുവദിക്കാം.

6) വിഹിതം അടയ്ക്കുന്നതിൽ വീഴ്ച വന്നവരുടെ വിഷയം

2020 മാർച്ച് 24 മുതൽ ലോക്ക് ഡൗൺ കാലാവധി അവസാനിക്കുന്നത് വരെയുള്ള കാലയളവിൽ അംശദായം അടയ്ക്കാൻ കഴിയാതെ വന്നവർക്കായി ബഹു മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം (19-5-2020 ലെ എച്ച്2/67/2020/ ഐ&പിആർ സർക്കുലർ പ്രകാരം) ഇളവ് അനുവദിച്ചിരുന്നു.

ആറു മാസത്തിലധികം അംശദായം അടയ്ക്കാതെ അംഗത്വം റദ്ദായാൽ അംഗത്വം പുനഃസ്ഥാപിക്കാൻ ചട്ടത്തിൽ വ്യവസ്ഥയുണ്ട്. കോവിഡ് തുടങ്ങിയ പ്രതിസന്ധികൾ മൂലം അംശദായം അടയ്ക്കാൻ കഴിയാതെ വന്നവർക്ക് ഒരു അവസരം കൂടി നൽകണം എന്ന് സംഘടനകൾ ആവശ്യപ്പെട്ടിരുന്നു.

മുടങ്ങിയ തുക 15% പിഴപ്പലിശ സഹിതം ഒറ്റത്തവണയായി അടയ്ക്കാൻ

അനുവദിക്കാവുന്നതും (4.2.2000 ലെ സ.ഉ (പി) നം. 02/2000/പി.ആർ പ്രകാരം) ഇനിയൊരവസരം നല്കുന്നതല്ല എന്നു നിഷ്കർഷിക്കാവുന്നതുമാണ്; തുക ആർ ഡി ഡി ഓഫീസിൽ /ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ അടയ്ക്കുമ്പോൾ അംഗത്വം മൂന്നു തവണ റദ്ദായിട്ടില്ല എന്ന് സത്യവാങ്മൂലം നൽകണം എന്നും മുടങ്ങിയതിന് വ്യക്തമായ കാരണവും സർവീസിൽ തുടരുന്നു എന്നതിന്റെ തെളിവായി എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റോ അവസാന പേ സ്ലിപ്പിന്റെ സ്ഥാപനാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പോ കൂടി നൽകണം എന്നും വ്യവസ്ഥ ചെയ്യാവുന്നതാണോ എന്ന വിഷയത്തിൽ കമ്മിറ്റി തീരുമാനം ആവശ്യമാണ്.

<u>തീരുമാനം</u>

കോവിഡ് 19 രോഗവ്യാപനം, ലോക്ക് ഡൗൺ തുടങ്ങിയവ കാരണം 2020 മാർച്ച് മുതൽ ഏതെങ്കിലും കാലഘട്ടത്തിൽ ആറു മാസത്തിലധികം അംശദായം അടയ്ക്കാൻ സാധിക്കാതെ അംഗത്വം റദ്ദായവരിൽ, മൂന്ന് തവണയിൽ താഴെ അംഗത്വം പുനഃസ്ഥാപിക്കപ്പെട്ടവർക്ക്, അവർ നിലവിൽ ചട്ടപ്രകാരമുള്ള പത്രപ്രവർത്തകേതര ജീവനക്കാരായി ജോലി ചെയ്യുന്നവരാണെങ്കിൽ അത് തെളിയിക്കാൻ നിശ്ചിത രേഖകൾ നൽകി, ഒറ്റത്തവണയായി 2021 ജൂൺ 30 വരെ 15% പിഴപ്പലിശ സഹിതം അംശദായം അടയ്ക്കാൻ അനുമതി നൽകി, അംഗത്വം പുനഃസ്ഥാപിച്ചു കൊടുക്കാം. 2020 മാർച്ചിന് മുൻപ് മേൽപ്രകാരം അംഗത്വം റദ്ദായവരുടെ വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ല.

നിലവിൽ ഇപ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചട്ടം 11(2) പ്രകാരം മാനേജിങ് കമ്മിറ്റിക്കാണ് അധികാരം. ഭാവിയിൽ ചട്ടം 7 (3) ൽ പരാമർശിച്ചത് പ്രകാരം തുടർച്ചയായി ആറു മാസത്തിലധികം കാലം അംശദായം അടയ്ക്കാതെ അംഗത്വം റദ്ദാകുന്നവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ട്, പരമാവധി മൂന്നു തവണ വരെ കാലതാമസം മാപ്പാക്കി, അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്നതിനു വകുപ്പ് ഡയറക്ടർക്കു അധികാരം നൽകാം. തൊട്ടടുത്ത കമ്മിറ്റി/ഉപസമിതി യോഗത്തിൽ ഫയൽ/വിഷയം സമർപ്പിച്ചു സാധൂകരണം തേടിയാൽ മതി.

<u>7) ഉപസമിതിക്ക് കൂടുതൽ ഉത്തരവാദിത്വം നൽകി പരിഷ്കരിക്കുന്ന വിഷയം</u>

നിലവിൽ പത്രപ്രവർത്തകേതര പെൻഷൻ മാനേജിങ് കമ്മിറ്റിക്ക് ശുപാർശ നൽകാനുള്ള അധികാരം മാത്രമേ ഉപസമിതിക്ക് ഉള്ളൂ. മാനേജിങ് കമ്മിറ്റി പലപ്പോഴും വർഷത്തിൽ ഒരിക്കലാണ് ചേരുന്നത് എന്നതിനാൽ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് ഉപസമിതിക്ക് ചില അധികാരങ്ങൾ നൽകേണ്ടതുണ്ട്. ഉപസമിതി കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പരിഷ്കരിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് (ഫയൽ നമ്പർ - H2/151/2020-IandPRD).

<u>തീരുമാനം :</u>

ഉപസമിതിയിൽ 5 അംഗങ്ങൾ എന്നാക്കി പരിഷ്കരിച്ച് പുതിയ അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കാം. കൂടാതെ രേഖകളിലെ അവ്യക്തത മൂലമോ മറ്റ് ഏതെങ്കിലും തരത്തിലോ വകുപ്പ് തലത്തിൽ തീരുമാനം എടുക്കാൻ കഴിയാത്ത അപേക്ഷകളിൽ തീരുമാനം എടുക്കാനും ഉപസമിതിക്ക് അധികാരം നൽകാം.

എന്നാൽ നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച് തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ കമ്മിറ്റി അധ്യക്ഷനായ ബഹു മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യണം.

താൽക്കാലിക അംഗത്വം, താൽക്കാലിക പെൻഷൻ, അംഗത്വം പുനഃസ്ഥാപിക്കൽ, തുടങ്ങിയ വിഷയങ്ങളിൽ ഡയറക്ടറുടെ തീരുമാനം സാധൂകരിക്കാനും അതുവഴി പെൻഷൻ, അംഗത്വം എന്നിവ സ്ഥിരപ്പെടുത്താനും ഉള്ള അധികാരം ഉപസമിതിക്ക് നൽകുന്നതിനും തീരുമാനിച്ചു.

മേൽപ്രകാരം ഉപസമിതിക്ക് അധികാരങ്ങൾ നൽകുന്ന സാഹചര്യത്തിൽ ഉപസമിതി തീരുമാനങ്ങൾ ആത്യന്തികമായി മാനേജിങ് കമ്മിറ്റിയുടെ/സർക്കാരിന്റെ സാധൂകരണത്തിനു വിധേയമായിരിക്കും.

8) <u>ഉപസമിതി യോഗശുപാർശകൾ സംബന്ധിച്ച തീരുമാനം</u>

2018 മെയ് 15 ന്റെ കമ്മിറ്റി യോഗത്തിനു ശേഷം നടന്ന രണ്ട് ഉപസമിതി യോഗങ്ങളുടെ മിനുട്സ് യോഗത്തിൽ സമർപ്പിച്ചു.

<u>തീരുമാനം:</u>

മേൽപ്പറഞ്ഞ ഉപസമിതി യോഗശുപാർശകൾക്ക് അംഗീകാരം നൽകുന്നതിനും ഈ കമ്മിറ്റിയിൽ പരിഗണനയ്ക്ക് വരാത്ത വ്യക്തിഗത വിഷയങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും ഉപസമിതിയെ ചുമതലപ്പെടുത്താം. അടുത്ത ഉപസമിതി യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി മറ്റു അംഗങ്ങളെയും പങ്കെടുപ്പിക്കാം. തുടർനടപടി സ്വീകരിക്കുന്നതിന് കൺവീനറായ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്താം.

യോഗം 5.20ന് അവസാനിച്ചു.

PINARAYI VIJAYAN
CHIEF MINISTER

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷൻ പദ്ധതി 11.02.2021-ലെ പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗതീരുമാനങ്ങൾ അംഗീകരിച്ച്, വ്യവസ്ഥകൾ/ഇളവുകൾ ഏർപ്പെടുത്തിയും ചുമതല നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.73/2021/ഐ & പി.ആര് തിരുവനന്തപുരം, തീയതി: 04/05/2021

പരാമർശം:- 1. സ.ഉ. (പി) നം. 2/2000/പി.ആർ, തീയതി 04.02.2000.
2. 11.02.2021-ലെ പത്രപ്രവർത്തകേതര പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

പത്രപ്രവർത്തകേതര ജീവനക്കാരുടെ പെൻഷൻ പദ്ധതിയുടെ മാനേജിംഗ് കമ്മിറ്റി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.02.2021-ൽ ഓൺലൈൻ ആയി യോഗം ചേരുകയുണ്ടായി. കമ്മിറ്റിയുടെ സൂചന (2) പ്രകാരമുള്ള ശുപാർശകൾ അംഗീകരിച്ചു കൊണ്ടും അതിന്റെ അടിസ്ഥാനത്തിൽ താഴെ പരാമർശിക്കുന്നത് പ്രകാരം വ്യവസ്ഥകൾ /ഇളവുകൾ ഏർപ്പെടുത്തിയും, ചുമതല നൽകിയും ഉത്തരവാകുന്നു.

| വിഷയം | | ഉത്തരവ് | |
|---|---|---|---|
| 1. | കൺഫർമേഷൻ ലഭിച്ച് ആറു മാസത്തിനകം പെൻഷൻ പദ്ധതിയിൽ അംഗത്വത്തിനു അപേക്ഷിക്കണം എന്ന വ്യവസ്ഥയിലെ ഭേദഗതി, നിരസിച്ച അപേക്ഷകൾ അംഗീകരിക്കുന്നത്, അംഗത്വം നൽകുന്നതിനുള്ള അധികാരം എന്നിവ സംബന്ധിച്ച് | (എ) | ചട്ടം 6-ലെ, "പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർ പ്രത്യേക തസ്തികയിൽ കൺഫർമേഷൻ കിട്ടി ആറു മാസത്തിനകം അപേക്ഷിച്ചിരിക്കണം" എന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു. |
| | | (ബി) | 15-05-2018ൽ കൂടിയ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി യോഗത്തിൽ (അജണ്ട 17) പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം അനുവദിക്കുന്നതിനായി സമർപ്പിച്ച 360 അപേക്ഷകളിൽ നിലവിൽ പരിഗണനയിൽ ഉള്ള 319 പേരിൽ അർഹരായവർക്ക്, അപേക്ഷ നൽകിയതിൽ വന്ന കാലതാമസം മാപ്പാക്കി പെൻഷൻ അംഗത്വം അനുവദിക്കാവുന്നതാണ്. |
| | | (സി) | നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച് തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ കമ്മിറ്റി അദ്ധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യേണ്ടതാണ്. അവയിൽ കമ്മിറ്റിയുടെ/സർക്കാരിന്റെ തീരുമാനം വന്നതിനു ശേഷം തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |

uploaded

| | | | |
|---|---|---|---|
| | | (ഡി) | രേഖകൾ പൂർണമായ കേസുകളിൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗത്വം നൽകേണ്ട സാഹചര്യം ഒഴിവാക്കി, അത്തരം അപേക്ഷകളിൽ താൽക്കാലികമായി അംഗത്വം നൽകുന്നതിന് വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകുന്നു. തുടർന്ന് നടക്കുന്ന കമ്മിറ്റി /ഉപസമിതി യോഗത്തിൽ ഡയറക്ടറുടെ തീരുമാനത്തിന്റെ സാധൂകരണത്തിനും അംഗത്വം സ്ഥിരപ്പെടുത്തുന്നതിനുമായി പ്രസ്തുത അപേക്ഷയുടെ വിവരം/ഫയൽ സമർപ്പിച്ചാൽ മതിയാകുന്നതാണ്. |
| 2. | പെൻഷൻ അനുവദിക്കാൻ ആവശ്യമായ രേഖകൾ പുനർനിർണയിച്ചത്, സാക്ഷ്യപ്പെടുത്തൽ, പരിശോധന, ഇന്ത്യൻ എക്സ്പ്രസ്സിൽ നിന്നു സമരം മൂലം വിട്ടുനിന്ന 8 പേർക്ക് പെൻഷൻ അനുവദിക്കുന്നത് എന്നിവ സംബന്ധിച്ച് | (എ) | തൊഴിൽ സർട്ടിഫിക്കറ്റ്, സ്ഥാപനം ഉടമ നൽകുന്നതോ ജോലി ചെയ്യുന്ന ജില്ലയിലെ സംഘടനാ പ്രസിഡന്റ് /ജനറൽ സെക്രട്ടറി /സെക്രട്ടറി നല്കുന്നതോ ആകാം എന്ന് ചട്ടം 14(1), പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 3 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>അതിനാൽ ഇന്ത്യൻ എക്സ്പ്രസ്സിൽ നിന്നു സമരം മൂലം വിട്ടുനിന്ന 8 ജീവനക്കാർ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നേടിയവരും, ചട്ടം അനുശാസിക്കുന്നത് പ്രകാരം വിരമിച്ചവരും, പൂർണമായി ക്രമപ്രകാരം അംശദായം അടച്ചിട്ടുള്ളവരും ആണെന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെടുകയും നിലവിൽ ഉള്ള കോടതി കേസ് പെൻഷനുമായി ബന്ധപ്പെടുന്നതല്ല എന്നു വ്യക്തമാകുകയും ചെയ്യുന്ന പക്ഷം, മേൽപ്രകാരം സംഘടന നല്കുന്ന എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് പെൻഷൻ അനുവദിച്ച് നൽകുന്ന വിഷയം വകുപ്പ് ഡയറക്ടർക്ക് പരിഗണിക്കാവുന്നതാണ്. |
| | | (ബി) | എല്ലാ പെൻഷൻ അപേക്ഷകളിലും ചുവടെ പരാമർശിക്കുന്ന രേഖകൾ ലഭ്യമാക്കുന്ന അംഗങ്ങൾക്ക് തുടർ പരിശോധനയുടെ അടിസ്ഥാനത്തിൽ ചട്ടം/ബന്ധപ്പെട്ട മറ്റ് ഉത്തരവുകൾ അനുസരിച്ചുള്ള പെൻഷൻ അനുവദിച്ച് നൽകാം.<br><br>ചട്ടം 15, ബന്ധപ്പെട്ട മറ്റു ഉത്തരവുകൾ എന്നിവ പ്രകാരം ഐ&പി.ആർ.ഡി ഡയറക്ടർ പെൻഷൻ അനുവദിച്ച് നൽകേണ്ടതാണ്.<br><br><u>(I) ചട്ടപ്രകാരമുള്ള അപേക്ഷ</u><br><br>പത്രപ്രവർത്തകേതര ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി ചട്ടം 14(1), അനുബന്ധം 2 (സർക്കാർ ഉത്തരവ് (പി) നം. 2/2000/പി. ആർ. തീയതി: 4-2-2000) എന്നിവ പ്രകാരം നിശ്ചിത മാതൃകയിലുള്ള അപേക്ഷയാണ് നൽകേണ്ടത്.<br><br>{അപേക്ഷ സമർപ്പിക്കുന്ന ദിവസത്തെ തീയതി തന്നെയാണോ അനുബന്ധം 2-ൽ തീയതിക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ (ന്യൂ ഡൽഹിയിൽ ഇൻഫർമേഷൻ ഓഫീസർ/ ഡെപ്യൂട്ടി ഡയറക്ടർ) ബോധ്യപ്പെടണം.}<br><br><u>(II) അസ്സൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്/റിപ്പോർട്ട്</u><br><br>അംഗം ജോലി ചെയ്തിരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള, നിശ്ചിത മാതൃകയിലുള്ള അസ്സൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ആണ് |

| | | | |
|---|---|---|---|
| | | | നൽകേണ്ടത്. സ്ഥാപനത്തിലെ മാനേജിംഗ് ഡയറക്ടർ/ മാനേജിംഗ് എഡിറ്റർ/ നിയമനാധികാരി മാത്രമാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്.<br><br>(ചട്ടത്തിന്റെ അനുബന്ധം 3 പ്രകാരമുള്ള സർട്ടിഫിക്കറ്റിന്റെ പരിഷ്കരിച്ച മാതൃക ഈ ഉത്തരവിന്റെ അനുബന്ധം ആയി ചേർത്തിരിക്കുന്നു. സർട്ടിഫിക്കറ്റ്/റിപ്പോർട്ട് സ്ഥാപനത്തിന്റെ ഔദ്യോഗിക ലെറ്റർ ഹെഡിൽ ലഭ്യമാക്കേണ്ടതാണ്.<br><br>അംഗത്വം നേടിയതു മുതൽ വിരമിച്ചതു വരെ അംഗം ജോലി ചെയ്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്ന് ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ (ന്യൂ ഡൽഹി ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ/ഇൻഫർമേഷൻ ഓഫീസർ) ഉറപ്പ് വരുത്തണം.)<br><br>സ്ഥാപനത്തിൽ നിന്നുള്ള തൊഴിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യത്തിൽ പത്രപ്രവർത്തകേതര സംഘടന നല്കുന്നതും ചട്ടത്തിൽ പരാമർശിച്ചതുമായ സർട്ടിഫിക്കറ്റ്/റിപ്പോർട്ട് നൽകാം.<br><br>__(III) പാസ് ബുക്കുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്__<br>നിശ്ചിതകാലം ക്രമപ്രകാരം അംശദായ തുക അടച്ച വിവരം രേഖപ്പെടുത്തിയ എല്ലാ പാസ് ബുക്കുകളുടെയും ജില്ലാ ഇൻഫർമേഷൻ ഓഫീസർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആണ് നൽകേണ്ടത്. ന്യൂ ഡൽഹി ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ/ ഇൻഫർമേഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം.<br><br>(ഓഫീസ് രേഖകളുടെ (രജിസ്റ്റർ/രസീത്) കൂടി അടിസ്ഥാനത്തിലാണ് പകർപ്പ് സാക്ഷ്യപ്പെടുത്തേണ്ടത്. അംഗത്വം നേടിയതു മുതൽ വിരമിച്ചതു (58/60 വയസ്) വരെ അംഗം ക്രമപ്രകാരം, കൃത്യമായി അംശദായം അടച്ചിരുന്നോ എന്ന് ഉറപ്പ് വരുത്തണം.)<br><br>__(IV) വയസ് തെളിയിക്കാനുള്ള നിശ്ചിത രേഖ__<br>വയസ് തെളിയിക്കാൻ എസ് എസ് എൽ സി ബുക്ക്/ പാസ്പോർട്ട് /ആധാർ/ഇലക്ഷൻ ഐ ഡി കാർഡ് / ഡ്രൈവിങ് ലൈസൻസ്/ പാൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് നൽകേണ്ടത്.<br><br>സാക്ഷ്യപ്പെടുത്തുന്നവർ തങ്ങളുടെ ഒപ്പ്, പേര്, തസ്തിക, സ്ഥാപനം, സാക്ഷ്യപ്പെടുത്തുന്ന സ്ഥലം, തീയതി എന്നിവ പകർപ്പിൽ രേഖപ്പെടുത്തണം.<br><br>__(V) (ഓപ്ഷണൽ-അംഗത്വം സംബന്ധിച്ച് അവ്യക്തത ഉള്ള അപേക്ഷകളിൽ മാത്രം):__<br>പദ്ധതി അംഗത്വം അനുവദിച്ച രേഖയുടെയോ സ്ഥാപനത്തിലെ കൺഫർമേഷൻ ഉത്തരവിന്റേയോ വിരമിക്കൽ രേഖയുടെയോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്. |

| | | | |
|---|---|---|---|
| | | (സി) | **(I) രേഖകളുടെ സൂക്ഷ്മപരിശോധന**<br>പത്രപ്രവർത്തകേതര പെൻഷൻ ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ (ന്യൂ ഡൽഹിയിൽ ഇൻഫർമേഷൻ ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ) സ്വീകരിക്കുന്ന അവസരത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങളിൽ സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്.<br>**(II) വ്യക്തമായ ശുപാർശ**<br>അപേക്ഷകന് പെൻഷൻ അനുവദിക്കാമോ എന്ന ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ/ മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ (ന്യൂ ഡൽഹിയിൽ ഇൻഫർമേഷൻ ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ) വ്യക്തമായ ശുപാർശ സഹിതം അപേക്ഷയും അനുബന്ധരേഖകളും ഐ.&പി.ആർ.ഡി. ഡയറക്ടർക്ക് അയയ്ക്കേണ്ടതാണ്. |
| 3 | പെൻഷൻ തുകയ്ക്ക് ആനുപാതികമായി കുടുംബ പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം | | ഈ വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതിനാലും, ചട്ടം 18(1) പ്രകാരം പെൻഷന്റെ 50 % തുക കുടുംബ പെൻഷനായി നല്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാലും, പത്രപ്രവർത്തകേതര പെൻഷൻ തുകയുടെ 50 % തുകയായി കുടുംബ പെൻഷൻ/ആശ്രിത പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകാൻ ധനവകുപ്പിന് ശുപാർശ സമർപ്പിക്കാമെന്ന കമ്മിറ്റി തീരുമാനം അംഗീകരിച്ച് ഉത്തരവാകുന്നു. |
| 4 | കുടിശിക പെൻഷൻ സംബന്ധിച്ച് | | കുടിശിക തുക നൽകാനുള്ള ഫണ്ട് ധനവകുപ്പ് അടിയന്തരമായി അനുവദിക്കുന്നതിനായി അഡീഷണൽ ആതറൈസേഷനായി സബ്ജക്ട് കമ്മിറ്റി മുൻപാകെ സമർപ്പിക്കണമെന്ന കമ്മിറ്റി തീരുമാനം അംഗീകരിച്ച് ഉത്തരവാകുന്നു. |
| 5 | 2000-നു മുമ്പ് വിരമിച്ച 54 പേരെ അംഗീകരിക്കുന്ന വിഷയം | | 2000-നു മുൻപ് വിരമിച്ച നോൺ ജേണലിസ്റ്റുകൾക്കുള്ള പ്രത്യേക ക്ഷേമ പെൻഷൻ പദ്ധതി പ്രകാരം അർഹരാണെന്ന് സബ് കമ്മിറ്റി അംഗീകരിച്ച 54 പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, മരണമടഞ്ഞവരുടെ മരണത്തീയതി വരെയുള്ള പെൻഷൻ ആശ്രിതർക്ക് അനുവദിച്ചു നൽകുന്നതിനും തീരുമാനിച്ച് ഉത്തരവാകുന്നു. |
| 6 | ആറു മാസത്തിലേറെ കാലം അംശദായ കുടിശ്ശിക വന്നത് മൂലം അംഗത്വം റദ്ദായി, തുടർന്ന് തുക അടയ്ക്കാൻ കഴിയാത്തവരുടെ വിഷയം, അനുമതി നൽകാനുള്ള അധികാരം എന്നിവ സംബന്ധിച്ച് | (എ) | കോവിഡ് 19 രോഗവ്യാപനം, ലോക്ക് ഡൗൺ തുടങ്ങിയവ കാരണം 2020 മാർച്ച് മുതൽ ഏതെങ്കിലും കാലഘട്ടത്തിൽ ആറു മാസത്തിലധികം അംശദായം അടയ്ക്കാൻ സാധിക്കാതെ അംഗത്വം റദ്ദായവരിൽ , മൂന്ന് തവണയിൽ താഴെ അംഗത്വം പുനഃസ്ഥാപിക്കപ്പെട്ടവർ ക്ക്, അവർ നിലവിൽ ചട്ടപ്രകാരമുള്ള പത്രപ്രവർത്തകേതര ജീവനക്കാരായി ജോലി ചെയ്യുന്നവരാണെങ്കിൽ അത് തെളിയിക്കാൻ നിശ്ചിത രേഖകൾ നൽകി, ഒറ്റത്തവണയായി 2021 ജൂൺ 30 വരെ 15% പിഴപ്പലിശ സഹിതം അംശദായം അടയ്ക്കാൻ അനുവദിച്ച് അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. |
| | | ബി) | 2020 മാർച്ചിന് മുൻപ് മേൽപ്രകാരം അംഗത്വം റദ്ദായവരുടെ വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ല. |

| | | | |
|---|---|---|---|
| | | സി) | നിലവിൽ ഇപ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചട്ടം 11(2) പ്രകാരം മാനേജിങ് കമ്മിറ്റിക്കാണ് അധികാരം. ചട്ടം 7(3)-ൽ പരാമർശിച്ചത് പ്രകാരം തുടർച്ചയായി ആറു മാസത്തിലധികം കാലം അംശദായം അടയ്ക്കാതെ അംഗത്വം റദ്ദാകുന്നവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ട്, പരമാവധി മൂന്നു തവണ വരെ കാലതാമസം മാപ്പാക്കി, അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്നതിനു വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവാകുന്നു. |
| | | ഡി) | ഇപ്രകാരം ഡയറക്ടർ അംഗത്വം പുനഃസ്ഥാപിച്ചു നൽകുന്ന പക്ഷം തൊട്ടടുത്ത കമ്മിറ്റി/ഉപസമിതി യോഗത്തിൽ ഫയൽ/ വിഷയം സമർപ്പിച്ചു സാധൂകരണം തേടേണ്ടതാണ്. |
| 7 | ഉപസമിതിക്ക് കൂടുതൽ ഉത്തരവാദിത്വം നൽകി പരിഷ്കരിക്കുന്ന വിഷയം | (എ) | ഉപസമിതിയിൽ 5 അംഗങ്ങൾ എന്നാക്കി പരിഷ്കരിച്ച് പുതിയ അധികാരങ്ങൾ ഏൽപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.<br><br>രേഖകളിലെ അവ്യക്തത മൂലമോ മറ്റ് ഏതെങ്കിലും തരത്തിലോ വകുപ്പ് തലത്തിൽ തീരുമാനം എടുക്കാൻ കഴിയാത്ത അപേക്ഷകളിൽ തീരുമാനം എടുക്കാൻ ഉപസമിതിക്ക് അധികാരം നൽകുന്നു. എന്നാൽ, നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച് തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ കമ്മിറ്റി അദ്ധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യേണ്ടതാണ്.<br>താൽക്കാലിക അംഗത്വം, താൽക്കാലിക പെൻഷൻ, അംഗത്വം പുനഃസ്ഥാപിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ഡയറക്ടറുടെ തീരുമാനം സാധൂകരിക്കാനും അതുവഴി പെൻഷൻ, അംഗത്വം എന്നിവ സ്ഥിരപ്പെടുത്താനും ഉള്ള അധികാരം ഉപസമിതിക്ക് നൽകുന്നു. |
| | | (ബി) | ഉപസമിതി തീരുമാനപ്രകാരം ഉത്തരവ് ഇറക്കാം എങ്കിൽ പോലും ഉപസമിതിയുടെ ഏതു തീരുമാനവും ആത്യന്തികമായി മാനേജിംഗ് കമ്മിറ്റിയുടെ/സർക്കാരിന്റെ സാധൂകരണത്തിനു വിധേയമായിരിക്കും. |
| 8 | മുൻ ഉപസമിതി യോഗങ്ങളുടെ ശുപാർശ കൾ, വ്യക്തിഗത വിഷയ ങ്ങൾ തുടങ്ങിയവ സംബന്ധിച്ച് | | 2018 മെയ് 15-ലെ കമ്മിറ്റി യോഗത്തിന് ശേഷം 26.08.2019, 20.02.2020 തീയതികളിൽ കൂടിയ ഉപസമിതി യോഗശുപാർശകൾക്ക് അംഗീകാരം നൽകുന്നതിനും, 11.02.2021-ലെ കമ്മിറ്റി യോഗത്തിൽ പരിഗണനയ്ക്കു വരാത്ത വ്യക്തിഗത വിഷയങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും ഉപസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ടും, അടുത്ത ഉപസമിതി യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി മറ്റു അംഗങ്ങളെയും പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചുകൊണ്ടും, തുടർ നടപടി സ്വീകരിക്കുന്നതിന് മാനേജിംഗ് കമ്മിറ്റി കൺവീനറായ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു. |

പ്രത്യേകം തീയതി പരാമർശിക്കാത്ത തീരുമാനങ്ങൾക്ക് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീന.എ.എൻ

ഡെപ്യൂട്ടിസെക്രട്ടറി

മാനേജിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signature valid
Digitally signed by ...ESSY JOSE
Date 2021...10:34:39 IST
Reason: Approved

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ഐ. & പി. ആർ. ഡി. സെക്രട്ടറിയുടെ സി.എ
ഐ. & പി. ആർ. ഡി. ഡയറക്ടറുടെ സി.എ
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ
ഐ. & പി. ആർ. ഡി. അഡീഷണൽ ഡയറക്ടർ( ജി & എ)
ഐ. & പി. ആർ. ഡി. അഡീഷണൽ ഡയറക്ടർ( ഇ എം ഡി)
ഡെപ്യൂട്ടി സെക്രട്ടറി, ഐ. & പി. ആർ. ഡി.
ഡയറക്ടറേറ്റിലെ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
ഡെപ്യൂട്ടി ഡയറക്ടർ, ഐ. & പി. ആർ. ഡി., ന്യൂഡൽഹി
ഇൻഫർമേഷൻ ഓഫീസർ, ഐ. & പി. ആർ. ഡി., ന്യൂഡൽഹി
ഡയറക്ടറേറ്റിലെ എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
അക്കൗണ്ട്സ് ഓഫീസർ, ഐ & പി ആർ ഡി
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

ഫോറം

(Letter Head)

File No:.... ..........................

Date:.... ........ ......

# EMPLOYMENT CERTIFICATE

(Issued by Managing Director/Managing Editor/Appointing Authority)
(As per the Government Order related to the recommendations of Pension Managing Committee Meeting on 11-2-2021)

This is to certify that Shri/Smt ........................................................................................ (*name*) is a regular & permanent non journalist of .................................................................................................. (*name of institution/organization*) and is currently working in the ........................................ office/ bureau/unit. His/her service particulars as per the records maintained by the company are furnished below.

| | | | |
|---|---|---|---|
| 1. | Employee No. | | |
| 2. | Date of Birth | | |
| 3. | Date of Joining | | |
| 4. | Date of Confirmation | | |
| 5. | Designation | | |
| 6. | Date of retirement | | |
| 7. | House Address of the Employee | | |

This certificate is issued to Shri/Smt ........................................................................................ for producing before the Director, Information & Public Relations Department, Government of Kerala, to enroll him/her (to allow membership/to sanction non journalist pension/for other pension related requirements) under the Non Journalists Pension Scheme as per G.O.(P) No.2/2000/P.R., Dated 4-2-2000.

Place: Signature:

Office Seal Name of the officer:

Designation :